**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1321** 04-02-2019 **ൽ മറുപടിക്ക്**

**നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ കൈയേറ്റങ്ങൾ ഒഴിപ്പിച്ചതിന്റെ ചെലവ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം. വിൻസെന്റ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ 2006-ലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം വില്ലേജിൽ ബെഡ്സൈഡ റിസോർട്ടിലെ കൈയേറ്റം ഒഴിപ്പിച്ചതിന് എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ; | (എ) നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ 2006-ലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം വില്ലേജിൽ ബെഡ്സൈഡ റിസോർട്ടിലെ കൈയേറ്റം ഒഴിപ്പിച്ചതിന് 11, 110/- രൂപ ചെലവായിട്ടുള്ളതാണ്. |
| (ബി) നെയ്യാറ്റിൻകര താലൂക്കിലെ ജി 4/10121/2006 നമ്പർ ഫയൽ പ്രകാരം 4325/- രൂപയുടെ ബില്ല്/വൗച്ചറുകൾ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക അനുവദിച്ച് കൊണ്ടുള്ള നടപടി ക്രമത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ജി4/10121/06 ഫയൽ പ്രകാരം 4,325/- രൂപയുടെ ബില്ല്/വൗച്ചറുകൾ സമർപ്പിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് തിരുവനന്തപുരം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ ലഭ്യമല്ല എന്ന് കാണുന്നു. ടി വിവരം 18.07.2013 ലെ ബി16-77820/04-ാം നമ്പർ കത്ത് മുഖേന നെയ്യാറ്റിൻകര അഡീഷണൽ തഹസീൽദാരെ അറിയിച്ചിട്ടുണ്ട്. |
| (സി) തുക അനുവദിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | ടി തുകയ്ക്കുള്ള റസീപ്റ്റുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**